ഒറവക്കോട് - 30 പേർക്ക്

കോഴിക്കോട് സിറ്റി - 1500 പേർക്ക്

(ഡി) ഉണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

1. കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ
2. പേട്ട റെയിൽവേസ്റ്റേഷൻ
3. തിരുവനന്തപുരം എയർപോർട്ട്
4. ചിന്നക്കട ജംഗ്ഷൻ
5. കൊല്ലം താലൂക്ക് കച്ചേരി
6. തിരുവല്ല റെയിൽവേ സ്റ്റേഷൻ
7. കോട്ടയം കെ.എസ്.ആർ.ടി.സി.
8. ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി.
9. പാലാ കെ.എസ്.ആർ.ടി.സി.
10. എറണാകുളം. സൗത്ത് റെയിൽവേ സ്റ്റേഷൻ (കിഴക്കേനട)
11. തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ
12. പാലക്കാട് മുനിസിപ്പൽ സ്റ്റാൻഡ്
13. കണ്ണൂർ റെയിൽവേ സ്റ്റേഷൻ

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് നടപടി

21 (4627) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഏജൻസിയായ കോസ്റ്റ് റവന്യൂ അനാലിസിസ് 2009-ൽ നടത്തിയ സർവ്വേയിൽ ജോലി സമ്മർദ്ദത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരള പോലീസാണെന്ന് കണ്ടെത്തുകയുണ്ടായോ ;

(ബി) പ്രസ്തുത സർവ്വെയിലെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) 781 പേരുടെ ക്രമസമാധാന ചുമതലയ്ക്ക് ഒരു പോലീസുകാരൻ എന്നതാണ് സംസ്ഥാനത്തെ അനുപാതമെന്ന് സർവ്വെ വെളിപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുമറ്റ് പല സംസ്ഥാനത്തെയും പോലീസും ജനങ്ങളുമായുള്ള അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ വെളിവാകുന്ന വസ്തുത എന്താണ് ;

(ഇ) സേനയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പോലീസ് ആക്ട് പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(എഫ്) എങ്കിൽ അതിപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാരിന് ഇതു സംബന്ധിച്ച് വിവരം ഒന്നും ലഭിച്ചിട്ടില്ല.

(ഇ) പരിഗണനയിലുണ്ട്.

(എഫ്) കേരള നിയമസഭയുടെ പരിഗണനയിലിരിക്കുകയാണ്.

സംസ്ഥാനത്തെ ജില്ലാ സായുധ സേനാ പോലീസ് വിഭാഗത്തെ ലോക്കൽ വിഭാഗത്തിൽ ലയിപ്പിക്കുന്ന നടപടി

22 (4628) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സായുധസേനാ പോലീസ് വിഭാഗത്തെ ലോക്കൽ വിഭാഗത്തിൽ ലയിപ്പിക്കുന്ന നടപടികളോടനുബന്ധിച്ച് ഉണ്ടാകുന്ന സർവ്വീസ് പ്രശ്നങ്ങളെക്കുറിച്ചും, പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും പരിഗണിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അന്തർജില്ലാ സ്ഥലംമാറ്റത്തിന്, ജില്ലാ സായുധ സേനയ്ക്കും, ലോക്കൽ വിഭാഗത്തിനും വെവ്വേറെ ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ ലയനം പൂർണ്ണമാവുമ്പോൾ ലിസ്റ്റിലുള്ളവരുടെ നിയമനം ഏതു രീതിയിൽ റഗുലേറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ലയനം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. നിയമനം സംബന്ധിച്ച് നിലവിലുള്ള സർവ്വീസ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly